**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1900**
**07.12.2015 ലെ മറുപടിക്ക്**
**<u>പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>**

| | **ചോദ്യം.**<br>**ശ്രീ. എളമരം കരീം** | **ഉത്തരം.**<br>**ശ്രീ. ഉമ്മൻ ചാണ്ടി(ബഹു. മുഖ്യമന്ത്രി )** |
|---|---|---|
| (എ) | 2012-2013 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മുൻഗണനാ പരിപാടിയായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന 'സെന്റർ ഫോർ പബ്ലിക് റിസർച്ച് ' എന്ന സ്ഥാപനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ; ഇത് എവിടെയാണ് സ്ഥിതി ചെയ്യുന്നത് ; | 'സെന്റർ ഫോർ പബ്ലിക് റിസേർച്ച് ' എന്ന സ്ഥാപനം ധനകാര്യ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടില്ല. 13.02.2013 ലെ ഗവ. ഉത്തരവ് (പി) നം. 78/2013/ധന. പ്രകാരം സംസ്ഥാനത്ത് "പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്" ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം കൈമനത്ത് (പാപ്പനംകോട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ പഴയ ബിൽഡിംഗിൽ) സ്ഥിതി ചെയ്യുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ ഘടനയും പ്രവർത്തന രീതിയും വിശദമാക്കുമോ ; സ്ഥാപനത്തിന്റെ പ്രഖ്യാപന വേളയിൽ ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ ആയതിന്റെ ഇതുവരെയുള്ള പ്രവർത്തന ഫലമായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കുമോ ; | സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന്റെ മാതൃകയിൽ ആണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനായി വിവിധ മേഖലകളിലെ ഗവേഷണവും ഡോക്കുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തന മേഖല. 31.03.2015 തീയ്യതിയിലെ സ.ഉ.(സാധ)നം.3307/2015/ധന നമ്പർ ഉത്തരവ് പ്രകാരം പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മുൻ ധനകാര്യ |

| | | |
|---|---|---|
| | | വകുപ്പ് മന്ത്രി ശ്രീ.കെ. എം. മാണി അദ്ധ്യക്ഷനായും റിസർവ്വ് ബാങ്ക് മുൻ ഗവർണർ ഡോ. സി. രംഗരാജൻ സഹ അദ്ധ്യക്ഷനായും പ്രൊഫ. എം.എസ്. സ്വാമിനാഥൻ, ഡോ. എം.എസ്. വല്യത്താൻ, ചീഫ് സെക്രട്ടറി, ഡോ. എം.എ. ഉമ്മൻ, ഡോ. ആർ. വി ജി. മേനോൻ, ശ്രീ. പി.സി. സിറിയക്ക്, ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി എന്നിവരടങ്ങിയ ഒരു ഭരണ സമിതി പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറായ ഡോ. ജോസ് ജേക്കബിനെ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായി നിയമിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |
| (സി) | പ്രസ്തുത സ്ഥാപനത്തിനായി 2012-2013 വർഷത്തിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും ആയതിൽ എത്ര തുക അനുവദിക്കപ്പെട്ടുവെന്നും എത്ര തുക പിൻവലിക്കപ്പെടാതെയുണ്ടെന്നും വ്യക്തമാക്കുമോ ; | 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് തുക അനുവദിച്ചിരുന്നില്ല. |
| (ഡി) | തുടർന്നുള്ള ബഡ്ജറ്റുകളിൽ ആയതിനായി തുക വകയിരുത്തിയിരുന്നോ ; എത്ര തുക വീതം വകയിരുത്തിയിരുന്നുവെന്നും എത്ര വീതം അനുവദിക്കപ്പെട്ടുവെന്നും എത്ര തുക പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ? | 2013-2014 -ൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 3 ലക്ഷം രൂപ ചെലവഴിച്ചു. 2014-2015-ൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 5 ലക്ഷം രൂപ ചെലവഴിച്ചു. 2015-2016 ൽ 3 കോടി രൂപ വകയിരുത്തിയതിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ച പ്രകാരം 30 ലക്ഷം രൂപ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ